**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5017** **20-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ കടൽത്തീരത്ത് പട്ടയം ലഭിച്ചവർക്ക് ഭൂനികുതി ഒടുക്കാൻ തടസ്സം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ഹൊസബെട്ടു, മൊഗ്രാൽ, കോയിപ്പാടി, പുത്തൂർ, കുഡ്ലു, അഡുക്കത്ത്ബയൽ, കാസർഗോഡ്, അജാനൂർ, ബല്ല, കാഞ്ഞങ്ങാട്, ഹോസ്ദുർഗ്ഗ്, നീലേശ്വരം എന്നീ വില്ലേജുകളിലായി കടൽത്തീരത്ത് പട്ടയം ലഭിച്ച ആയിരത്തിൽപരം കുടുംബങ്ങൾക്ക് ഭൂനികുതി ഒടുക്കാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാസർഗോഡ് ജില്ലയിലെ കാസറഗോഡ് താലൂക്കിലെ പുത്തൂർ, കുഡ്ലു, അഡുക്കത്ത്ബയൽ, ഹൊസ്ദുർഗ് താലൂക്കിലെ കാഞ്ഞങ്ങാട്, ഹൊസ്ദുർഗ്, നീലേശ്വരം വില്ലേജുകളിലായി പട്ടയം ലഭിച്ച കുടുംബങ്ങൾക്ക് ഭൂനികുതി ഒടുക്കി വരുന്നു. എന്നാൽ, ഹൊസ്ദുർഗ് താലൂക്കിലെ ബല്ല വില്ലേജിൽ പഴയ സർവ്വെ നമ്പർ 324, 325, 326, 371 എന്നിവയിലായി മൊത്തം 23.98 ആർ സ്ഥലത്തിന് പട്ടയം ലഭ്യമായ 13 പേർക്കും, മഞ്ചേശ്വരം താലൂക്കിലെ കോടിപ്പാടി വില്ലേജിലെ 139 പേർക്കും, മൊഗ്രാൽ വില്ലേജിലെ 29 പേർക്കും (അൺസർവ്വെയ്ഡ് നമ്പർ 233-236), ഹൊസബെട്ടു വില്ലേജിൽ പട്ടയം ലഭ്യമായ 10 പേർക്കും റീസർവ്വെ റിക്കാർഡുകളിൽ ഭൂമി ഉൾപ്പെടാത്തതിനാൽ ഭൂനികുതി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. പ്രസ്തുത വിഷയം റവ-ജി1/122/2022-റവ നമ്പർ സർക്കാർ ഫയലിൽ പരിശോധിച്ചു വരുന്നു. ലാൻഡ് റവന്യൂ കമ്മീഷണർ, കാസർഗോഡ് ജില്ലാ കളക്ടർ എന്നിവരുടെ വിശദമായ റിപ്പോർട്ട് തേടിയിരിക്കുകയാണ്. ആയത് ലഭ്യമാക്കി നിയമവശങ്ങൾ കൂടി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രശ്നത്തിന് പരിഹാരമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കാസർഗോഡ് ജില്ലയിലെ കാസറഗോഡ് താലൂക്കിലെ പുത്തൂർ, കുഡ്ലു, അഡുക്കത്ത്ബയൽ, ഹൊസ്ദുർഗ് താലൂക്കിലെ കാഞ്ഞങ്ങാട്, ഹൊസ്ദുർഗ്, നീലേശ്വരം വില്ലേജുകളിലായി പട്ടയം ലഭിച്ച കുടുംബങ്ങൾക്ക് ഭൂനികുതി ഒടുക്കി വരുന്നു. എന്നാൽ, ഹൊസ്ദുർഗ് താലൂക്കിലെ ബല്ല വില്ലേജിൽ പഴയ സർവ്വെ നമ്പർ 324, 325, 326, 371 എന്നിവയിലായി മൊത്തം 23.98 ആർ സ്ഥലത്തിന് പട്ടയം ലഭ്യമായ 13 പേർക്കും, മഞ്ചേശ്വരം താലൂക്കിലെ കോടിപ്പാടി വില്ലേജിലെ 139 പേർക്കും, മൊഗ്രാൽ വില്ലേജിലെ 29 പേർക്കും |

| | | | |
|---|---|---|---|
| | | | (അൺസർവ്വെയ്ഡ് നമ്പർ 233-236), ഹൊസബെട്ടു വില്ലേജിൽ പട്ടയം ലഭ്യമായ 10 പേർക്കും റീസർവ്വെ റിക്കാർഡുകളിൽ ഭൂമി ഉൾപ്പെടാത്തതിനാൽ ഭൂനികുതി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. പ്രസ്തുത വിഷയം റവ-ജി1/122/2022-റവ നമ്പർ സർക്കാർ ഫയലിൽ പരിശോധിച്ചു വരുന്നു. ലാൻഡ് റവന്യൂ കമ്മീഷണർ, കാസർഗോഡ് ജില്ലാ കളക്ടർ എന്നിവരുടെ വിശദമായ റിപ്പോർട്ട് തേടിയിരിക്കുകയാണ്. ആയത് ലഭ്യമാക്കി നിയമവശങ്ങൾ കൂടി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | 30.06.2011 ലെ ജി.ഒ.(എം.എസ്.) നം. 237/2011/ ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള സർവ്വേ ചെയ്യാത്ത ഭൂമിയും നാളിതുവരെ പട്ടയം അനുവദിച്ച ഭൂമിയും കൂടി റീസർവ്വേയുടെ ഭാഗമാക്കി പ്രദേശവാസികളുടെ പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കടൽ പുറംപോക്കിൽ പട്ടയം അനുവദിച്ചവരുടെ ഭൂമി സർവ്വെ ചെയ്ത് സപ്ലിമെന്ററി റെക്കോഡുകൾ തയ്യാറാക്കിയാൽ നികുതി സ്വീകരിക്കുവാൻ സാധിക്കും. ആയതും പരിശോധിച്ച് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ